(ബി) ഇത് പരിഹരിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) ഇതിനായി ഹെൽത്ത് വർക്കറൻമാരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ നിയമിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) ഈ വർഷം ഇതിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കും എന്ന് അറിയിക്കുമോ ?

പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) അട്ടപ്പാടിയിലും ഇടുക്കിയിലും ഓരോ ഹെൽത്ത് പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി അട്ടപ്പാടിയിൽ ഒ.പി. ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചു. ഇടുക്കിയിൽ ഒ.പി. ക്ലിനിക്ക് ഉടനെ ആരംഭിക്കും വയനാട്ടിൽ ഒരാശുപത്രി ഇതിനായി പ്രവർത്തിക്കുന്നു. എല്ലാ പട്ടികവർഗ്ഗക്കാർക്കും ഹെൽത്ത് കാർഡു വിതരണം ചെയ്യാൻ നടപടിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹെൽത്ത് ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുമുണ്ട്.

(സി) ഉണ്ട്. 123 ഹെൽത്ത് വോളണ്ടിയർമാരെ നിയമിച്ചിട്ടുണ്ട്.

(ഡി) അട്ടപ്പാടിയിലെ ആശുപത്രിയുടെ പണി ഈ വർഷം ആരംഭിക്കും. പുതുതായി നിയമിച്ചിട്ടുള്ള സോഷ്യൽ ആക്ടിവിസ്റ്റുകളെ ആവശ്യമുള്ള പരിശീലനം നൽകി ഈ രംഗത്ത് പ്രവർത്തിക്കാൻ പ്രാപ്തരാക്കും.

ജലസേചന മന്ത്രിമാരുടെ ശിൽപ്പശാല

20 (*500) ശ്രീ. പി. രാജു :
ശ്രീ. യു. എസ്. ശശി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടന്ന ജലസേചന മന്ത്രിമാരുടെ ശിൽപ്പശാലയിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതനുസരിച്ച് കുടിവെള്ള വിതരണ മേഖലയിൽ സ്വകാര്യ മുതൽമുടക്ക് അനുവദിക്കുവാനുദ്ദേശമുണ്ടോ ;

(സി) എങ്കിൽ വിശദവിവരം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി. രാമകൃഷ്ണപിള്ള) :

(എ) ലോകബാങ്കിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടന്ന ജലസേചന മന്ത്രിമാരുടെ ശിൽപ്പശാലയിൽ മന്ത്രിമാരുടെ തലത്തിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല. എന്നാൽ ഈ ശിൽപ്പശാലയിൽ 'കൊച്ചിൻ ഡിക്ലറേഷൻ' എന്ന ഒരു രൂപരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ രൂപരേഖയിൽ ഭാരതത്തിലെ എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുവാൻ സർക്കാരിന്റെ ശ്രമങ്ങളെ സഹായിക്കുവാനായി സ്വകാര്യ സ്ഥാപനങ്ങളെ കൂടി അനുവദിക്കുവാൻ വഴി ഒരുക്കുന്ന നടപടികളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

(ബി) ഇതുവരെ സ്വകാര്യ മുതൽ മുടക്ക് അനുവദിക്കുന്നതിനെക്കുറിച്ച് സർക്കാർ തീരുമാനം എടുത്തിട്ടില്ല.

(സി) ഉദിക്കുന്നില്ല.

ജലസ്രോതസ്സുകളെപ്പറ്റി പഠനം

21 (*501) ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളെപ്പറ്റിയും അവ കുടിവെള്ളത്തിനും ജലസേചനത്തിനും എപ്രകാരം വിനിയോഗിക്കാമെന്നതിനെപ്പറ്റിയും എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) വിശദവിവരം നൽകുമോ ;

(സി) ഏതെല്ലാം ജില്ലകളിൽ ജലസ്രോതസ്സുകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട് ;

(ഡി) അവ എത്രകണ്ട് പ്രയോജനപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) സംസ്ഥാനത്തിന്റെ ജലസ്രോതസ്സുകളെപ്പറ്റിയും അവ ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കുന്നതിനെപ്പറ്റിയും പഠനം നടത്തി ഇന്നത്തെ ജലസേചനവകുപ്പ് ഉൾപ്പെട്ടിരുന്ന കേരളാ പൊതുമരാമത്ത് വകുപ്പ് 1974-ൽ 'വാട്ടർ റിസോഴ്സസ് ഓഫ് കേരള' എന്ന പേരിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഭൂഗർഭജലസ്രോതസ്സുകളെക്കുറിച്ച് 1969 മുതൽ സംസ്ഥാന ഭൂജലവകുപ്പും കേന്ദ്രഭൂജലബോർഡും ചേർന്ന് ശാസ്ത്രീയവും സാങ്കേതികവുമായ പഠനങ്ങൾ നടത്തിവരുന്നുണ്ട്. ഇത് കൂടാതെ കോഴിക്കോടുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റും പഠനങ്ങൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly